# Visit of H.E. Mohammad HaneefAtmar, Foreign Minister of the Islamic Republic of Afghanistan to India (March 22-23, 2021)

March 24, 2021

---

## അഫ്ഗാനിസ്ഥാൻ ഇസ്ലാമിക് റിപ്പബ്ലിക് വിദേശകാര്യമന്ത്രി മുഹമ്മദ് ഹനീഫ് അറ്റ്മർ ഇന്ത്യൻ സന്ദർശനം(മാർച്ച് 22-23, 2021)

മാർച്ച് 24, 2021

അഫ്ഗാനിസ്ഥാൻ ഇസ്ലാമിക് റിപ്പബ്ലിക് വിദേശകാര്യമന്ത്രി മുഹമ്മദ് ഹനീഫ് അറ്റ്മർ 2021 മാർച്ച് 22 -23 തിയ്യതികളിലായി ന്യൂ ഡൽഹിയിലേക്ക് നടത്തിയ ഔദ്യോഗിക സന്ദർശനം വിജകരമായി പൂർത്തിയാക്കി. അദ്ദേഹം അഫ്ഗാനിസ്ഥാൻ വിദേശവകുപ്പിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർക്കൊപ്പമാണ് വന്നത്. അദ്ദേഹം നിലവിൽ ചാർജ് എടുത്തതിനു ശേഷമുള്ള ഹനീഫ് അറ്റ്മറിന്റെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്.

2. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറും ഹനീഫ് അറ്റ്മാർ തമ്മിൽ മാർച്ച് 22 നു ഉന്നതതല ചർച്ചകൾ നടത്തി. അഭിപ്രായങ്ങളുടെ വിശദവും ആരോഗ്യപ്രദവുമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി വളരെ ഊഷ്മളവും സൗഹാർദ്ദപരവുമായ അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത്.
ഇന്ത്യ - അഫ്ഗാനിസ്ഥാൻ നയതത്ര പങ്കാളിത്തം, പ്രത്യേകിച്ച് രാഷ്ട്രീയ, സുരക്ഷ, വ്യാപാരം, സാമ്പത്തിക, ശേഷി വികസനം, വിദ്യാഭ്യാസം, സാമൂഹിക, സാംസ്കാരിക ബന്ധങ്ങൾ എന്നിവയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചത്. ഇന്ത്യ - അഫ്ഗാനിസ്ഥാൻ നയതന്ത്ര പങ്കാളിത്ത കരാറിന്റെ കരാറിന്റെ ആഭിമുഖ്യത്തിൽ വിദേശകാര്യമന്ത്രിയും അഫ്ഗാനിസ്ഥാൻ വിദേശകാര്യമന്ത്രിയും ചേർന്ന് സ്ട്രാറ്റജിക് പാർട്ണർഷിപ്പ് കൗൺസിൽ (SPC) നു അദ്ധ്യക്ഷത വഹിച്ചു.
3. അഫ്ഗാനിസ്ഥാനിൽ സമാധാനം നിലനിൽക്കേണ്ടത് പ്രദേശത്തിന്റെയും ലോകത്തിന്റെയും സമാധാനത്തിനും സുരക്ഷയ്ക്കും അഭിവൃദ്ധിക്കും പ്രധാനമാണെന്ന് വിദേശകാര്യമന്ത്രി ചൂണ്ടിക്കാണിച്ചു.അഫ്ഗാൻ സമാധാന പ്രക്രിയയുടെ വിജയത്തിനായി സമഗ്രവും ശാശ്വതവുമായ വെടിനിർത്തലിന്റെ പ്രാധാന്യം വിദേശകാര്യമന്ത്രി അടിവരയിട്ടു പറഞ്ഞു. അഫ്ഗാനിസ്ഥാനുമായുള്ള ഇന്ത്യയുടെ വിപുലമായ വികസന പങ്കാളിത്തം, പ്രാദേശികതലത്തിലും ആഗോളതതലത്തിലുമുള്ള പരസ്പര താൽപ്പര്യമുള്ള പ്രശ്നങ്ങൾ, അഫ്ഗാൻ സമാധാന ശ്രമങ്ങൾ എന്നിവ ഉൾപ്പെടെ നിരവധി വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.ജനാധിപത്യ ഭരണഘടനാ ചട്ടക്കൂടിനുള്ളിൽ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന തരത്തിലുള്ള സമാധാനപരവും

പരമാധികാരമുള്ളതും സുസ്ഥിരവും സമന്വിതവുമായ അഫ്ഗാനിസ്ഥാനിനായുള്ള അഫ്ഗാൻ ഇന്ത്യയുടെ ദീർഘകാല പ്രതിബദ്ധത വിദേശകാര്യമന്ത്രി
അഫ്ഗാൻ വിദേശകാര്യമന്ത്രിയ്ക്ക് ഉറപ്പു നൽകി.

4. അടുത്തിടെ ഫെബ്രുവരി 9 ന് പ്രധാനമന്ത്രിയും രാഷ്ട്രപതി ഘാനിയുടെയും സാന്നിധ്യത്തിൽ, കാബൂൾ നഗരത്തിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഷാറ്റൂത്ത് ഡാമിന്റെ നിർമാണത്തിനായി ധാരണാപത്രത്തിൽ ഇന്ത്യൻ വിദേശകാര്യമന്ത്രിയും വിദേശകാര്യമന്ത്രി അറ്റ്മറും ഒപ്പുവച്ചു. 3 ബില്യൺ യുഎസ് ഡോളറിന്റെ മതിക്കുന്ന വികസന സഹകരണത്തിനും അഫ്ഗാനിസ്ഥാനിലെ 34 പ്രവിശ്യകൾക്ക് പ്രയോജനകരമായ പദ്ധതികൾ നടപ്പാക്കിയതിനും ഹനീഫ് അറ്റ്മാർ ഇന്ത്യയോട് നന്ദി പറഞ്ഞു.
5. സന്ദർശനത്തിനിടയിൽ ഹനീഫ് അറ്റ്മർ , രാഷ്ട്രീയ സുരക്ഷാ ഉപദേഷ്ടാവായ ശ്രീ അജിത് ഡോവലിനെയും സന്ദർശിച്ചു.

**ന്യൂ ഡൽഹി**
**24 മാർച്ച് , 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.